പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :430 27.02.2018 ലെ മറുപടിക്ക്

## കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.എം. മുകേഷ്<br>ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | എ) കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദനം നടത്തുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുന:സംഘടന വഴി ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്.<br><br>കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്.മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 10 HP യുടെ 60 ഡി.എഫ് മെഷീനുകൾ കയർ മെഷീനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000/- രൂപ കയർ മെഷീനറി ഫാക്ടറിയ്ക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000/- രൂപയും കയർ മെഷീനറി ഫാക്ടറിയ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷീനറി ഫാക്ടറിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.<br>പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചു കഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ് യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13.07.2017 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർഫെഡിന്റെ കീഴിൽ മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവത്ക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. |
| ബി) സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ അഞ്ച് ശതമാനം മാത്രമേ ചകിരിയാക്കാൻ | ബി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശീയമായ തൊണ്ട് സംഭരണം ഊർജ്ജിതമാക്കാനും സമ്പൂർണ്ണ |

| | |
|---|---|
| സാധിക്കുന്നുള്ളുവെന്നതും അതേ സമയം കയർ വ്യവസായത്തിന് ആവശ്യമായ ചകിരി വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നുവെന്നതും പരിഹരിക്കാനായി ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ; | ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം ശരിയായി നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളികേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം നടത്തും. തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു.<br>ചകിരിക്കാവശ്യമായ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) ഏറെ ആവശ്യക്കാരുള്ള കയർ ഭൂവസ്ത്രം കൂടുതൽ പ്രചരിപ്പിക്കുന്നതിനും അതോടൊപ്പം തന്നെ പരമ്പരാഗത തറികളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനും ന്യായമായ വാങ്ങൽ വില ഉറപ്പാക്കുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) ഏറെ ആവശ്യക്കാരുള്ള കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്/ജല/സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്. കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം, തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കയർ കേരള 2017 ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ വഴി പരമ്പരാഗത തറികളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുവാനും ന്യായമായ വാങ്ങൽ വില |

| | |
|---|---|
| | ഉറപ്പാക്കുവാനും ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കുന്നുണ്ട്. കയർ ഉൽപ്പന്ന സഹകരണ സംഘങ്ങൾ, മാറ്റ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കയർ പിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ ഏജൻസികൾ ന്യായവില നൽകി സംഭരിക്കുന്നു. 2016-17 വർഷത്തിൽ 77 കോടി രൂപയും, 2017-18 വർഷത്തിൽ 48.7 കോടി രൂപയും ഈ പദ്ധതി നടപ്പാക്കാനായി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ